**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5044** **11-08-2021 - ൽ മറുപടിയ്ക്ക്**

**അശാസ്ത്രീയ ഗോഡൗണുകൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 അനുസരിച്ച് സ്വകാര്യ മൊത്ത വിതരണക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് വാതിൽപടി വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗോഡൗണുകളിൽ നിന്ന് ഉപയോഗശൂന്യമായ/നശിച്ച എത്ര ടൺ ഭക്ഷ്യധാന്യങ്ങളുണ്ടെന്നുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എൻഎഫ്എസ്എ ഗോഡൗണുകളിൽ വിതരണയോഗ്യമല്ലാത്ത ഭക്ഷ്യധാന്യങ്ങൾ തരം തിരിക്കുന്നതിന് രൂപീകരിച്ച സാങ്കേതിക സമിതി റിപ്പോർട്ട് പ്രകാരം എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ 2703.763 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. ടി കമ്മിറ്റി ശുപാർശ പ്രകാരം മിൽ ക്ലീൻ ചെയ്യാവുന്നവ, കാലിത്തീറ്റയായി ഉപയോഗിക്കാവുന്നവ, വ്യാവസായിക ആവശ്യത്തിന് ഉപയോഗി ക്കാവുന്നവ, ഡമ്പിംഗ് ചെയ്യാവുന്നവ എന്നിങ്ങനെ തരംതിരിച്ച് തുടർ നടപടികൾ സപ്ലൈകോ മുഖേന സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 46 |
| (സി) | അശാസ്ത്രീയമായ ഗോഡൗണുകൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ശാസ്ത്രീയ ഗോഡൗണുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. അശാസ്ത്രീയമായ ഗോഡൗണുകൾ പ്രവർത്തിക്കുന്ന താലൂക്കുകളിൽ സപ്ലൈകോ മാനദണ്ഡ പ്രകാരം ശാസ്ത്രീയ ഗോഡൗണുകൾ പണിത് ലഭ്യമാക്കുന്നതിന് EOI പ്രകാരം അപേക്ഷ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളിൽ മേൽ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |
| (ഡി) | വാതിൽപടി വിതരണം സപ്ലൈകോയെ ഒഴിവാക്കി വകുപ്പുതലത്തിൽ ഏറ്റെടുത്ത് നടത്താൻ തീരുമാനമുണ്ടോ; | (ഡി) | വാതിൽപടി വിതരണം സപ്ലൈകോയെ ഒഴിവാക്കി വകുപ്പുതലത്തിൽ ഏറ്റെടുത്ത് നടത്തുന്നതുമായി ബന്ധപ്പെട്ട് ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി ഇത് സംബന്ധിച്ചുള്ള ചർച്ചകൾ നടത്തി വരുന്നു. |
| (ഇ) | റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തി ഗോഡൗൺ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | ഉണ്ട്. ഇക്കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ